# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 130 | | 14/12/2012-ൽ മറുപടിയ്ക്ക് |
|---|---|---|
| കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുക | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. വി. ശശി<br>,, ഇ. ചന്ദ്രശേഖരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, ജി. എസ്. ജയലാൽ | | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്തെ അംഗനവാടികൾ മറ്റ് സമാന സ്ഥാപനങ്ങൾ എന്നിവയിലൂടെ സംസ്ഥാനത്ത് എത്ര കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നുണ്ട് ; | (എ) സംസ്ഥാനത്തെ അംഗൻവാടികൾ മുഖേന 3 മുതൽ 6 വയസ്സ് വരെയുള്ള 4,07,774 കുട്ടികൾക്കും മറ്റു സമാന സ്ഥാപനങ്ങളിലൂടെ 26,32,539 കുട്ടികൾക്കും ഉച്ചഭക്ഷണം നൽകി വരുന്നുണ്ട്. |
| (ബി) | ഓരോ കുട്ടിക്കും പ്രതിദിനം ഭക്ഷണത്തിനായി എത്ര രൂപ ചെലവാകുന്നുണ്ട്; ഇതിൽ കേന്ദ്ര സംസ്ഥാനവിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ; | (ബി) അംഗൻവാടികളിലെ കുട്ടികൾക്ക് വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന ഭക്ഷ്യവസ്തുക്കളുടെ ഇനത്തിനനുസരിച്ച് ചെലവാകുന്ന തുകയിൽ വ്യത്യാസം വരുന്നുണ്ട്. ഇത് കണക്കാക്കിയാൽ ഒരു കുട്ടിക്ക് 5 രൂപ മുതൽ 9.50 രൂപ വരെ ചെലവ് വരുന്നുണ്ട്. ഇതിൽ 2 മുതൽ 3 രൂപ വരെ കേന്ദ്രവിഹിതമായും 3 മുതൽ 7.50 രൂപ വരെ സംസ്ഥാന വിഹിതമായും ചെലവഴിക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br>മറ്റു സമാന സ്ഥാപനങ്ങളിൽ കുട്ടി ഒന്നിന് 5 രൂപ നിരക്കിൽ തുക ചെലവാകുന്നുണ്ട്. ഇതിൽ പ്രൈമറി വിഭാഗത്തിൽ കുട്ടി ഒന്നിന് കേന്ദ്ര വിഹിതമായി 2.33 രൂപയും സംസ്ഥാന വിഹിതമായി 2.67 രൂപയും അപ്പർ പ്രൈമറി വിഭാഗത്തിൽ കേന്ദ്രവിഹിതം 3.49 രൂപയും സംസ്ഥാനവിഹിതം 1.51 രൂപയുമാണ്. |
| (സി) | ഭക്ഷ്യ സാധനങ്ങളുടെ വിലക്കയറ്റവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ തുക പര്യാപ്തമല്ലെന്നുള്ളത് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ തുക വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ; | (സി) ഭക്ഷ്യവസ്തുക്കളുടെയും പാചകോപാധികളുടെയും ക്രമാതീതമായ വിലവർദ്ധനവുണ്ടാകുന്ന സാഹചര്യത്തിൽ ലഭ്യമാകുന്ന തുക അപര്യാപ്തമാണെന്ന് പൊതുവെ അനുഭവപ്പെടുന്നുണ്ട്. ഈ സാഹചര്യത്തിന്റെ അടിസ്ഥാനത്തിൽ 2014-15 വർഷത്തിൽ ചില നിബന്ധനകൾക്ക് വിധേയമായി പോഷകാഹാര തുക വർദ്ധിപ്പിക്കുന്നതാണെന്ന് കേന്ദ്രസർക്കാർ ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കുട്ടികൾക്ക് മെച്ചപ്പെട്ട ഭക്ഷണം മുടങ്ങാതെ നൽകുന്നതിന് എന്തു നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ ? | (ഡി) ജില്ലാ തലത്തിലും പ്രൊജക്ട് തലത്തിലും ഉള്ള ഭക്ഷണവിതരണം സംബന്ധിച്ച നടപടികൾ മോണിറ്റർ ചെയ്യുന്നതിനായി സാമൂഹ്യനീതി വകുപ്പ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ച് വരുന്നു. ഭക്ഷ്യവിതരണ പരിപാടി |

| | | |
|---|---|---|
| | | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് നടത്തുന്നത് എന്നതിനാൽ ഭക്ഷ്യവിതരണവും ഭക്ഷ്യപോഷണവും സംബന്ധിച്ച സമഗ്രമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായി തയ്യാറാക്കി വരുന്നുണ്ട്. മാത്രമല്ല ഭക്ഷ്യപോഷണ കുറവിനെ സംബന്ധിച്ച ദേശീയ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി ബോധവൽക്കരണ പരിപാടികൾ സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്നുണ്ട്.<br>മറ്റു വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കാര്യത്തിൽ റവന്യൂ ജില്ലാ തലത്തിൽ ഉച്ചഭക്ഷണ വിതരണം സംബന്ധിച്ച് മോണിറ്ററിംഗ് ചെയ്യാൻ ജില്ലാ കളക്ടർ ചെയർമാൻ ആയി ജില്ലാതല മോണിറ്ററിംഗ് രൂപീകരിച്ചിട്ടുണ്ട്. ഉച്ചഭക്ഷണ പദ്ധതി മുടങ്ങാതിരിക്കാനുള്ള നടപടി പ്രസ്തുത കമ്മറ്റി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം - I

| Beneficiary | Per beneficiary per day GOI Rs. | Per beneficiary per day State cotribution Rs. | Total Rs. | Remarks |
|---|---|---|---|---|
| 6m-3yrs | 2.00 | 5.35 | 7.35 | വിവിധ സമയങ്ങളിൽ വിവിധ തരത്തിലുള്ള ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നതിനാൽ ഇവയുടെ വിലയിലും വ്യത്യാസം വരുന്നുണ്ട്. |
| 3yrs-6yrs | 2.00 | 3 to 7.50 | 5 to 9.50 | |
| Pregnant/lactating mother | 2.50 | 2.50 to 4.50 | 5 to [illegible] | |
| Adolescent girls | 2.50 | 2.50 to 4.50 | 5 to 7 | |
| Malnourished children | 3.00 | 3.00 to 6.00 | 6 to 9 | |

സെക്ഷൻ ഓഫീസർ